പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5221 26.03.2018-ലെ മറുപടിക്ക്

## റെയിൽപ്പാത ഇരട്ടിപ്പിക്കൽ

ചോദ്യം

ശ്രീ. കെ.വി.വിജയദാസ്

ഉത്തരം

ജി. സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റെയിൽപ്പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദവിവരം നൽകുമോ; | (എ) | ആലപ്പുഴ വഴിയും കോട്ടയം വഴിയുമുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കായംകുളത്തു നിന്നും അമ്പലപ്പുഴ വരെയുള്ള പാത ഇരട്ടിപ്പിക്കൽ പ്രവൃത്തി 31.03.2019 -ലും കോട്ടയം വഴിയുള്ളത് 31.03.2020-ലും പൂർത്തീകരിക്കേണ്ടതാണെന്ന് റെയിൽവേക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കേരളത്തിലുടനീളം പാത ഇരട്ടിപ്പിക്കലിന് പദ്ധതി തയ്യാറായിട്ടുണ്ടോ; ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പാത ഇരട്ടിപ്പിക്കൽ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്നതോടുകൂടി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സംസ്ഥാനത്തെ പാതയിരട്ടിപ്പിക്കൽ പൂർണ്ണമാകുമോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ? | (ബി) | ഇല്ല.<br>ആലപ്പുഴ വഴിയുള്ള പാത ഇരട്ടിപ്പിക്കൽ പദ്ധതിയിൽ, അമ്പലപ്പുഴ – എറണാകുളം ഭാഗത്തെ പാത ഇരട്ടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ റെയിൽവേയുമായി ചെലവ് പങ്കിടണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചിട്ടുണ്ട്. ആലപ്പുഴ വഴിയും കോട്ടയം വഴിയുമുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കൽ പൂർത്തിയായാൽ മാത്രമേ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സംസ്ഥാനത്തെ പാതയിരട്ടിപ്പിക്കൽ പൂർണ്ണമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ